# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4814      14/11/2019-ൽ മറുപടിക്ക്

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി ലയനം സംബന്ധിച്ച് ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നത് ബഹു. ഹൈക്കോടതി തടഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;<br><br>ബി) ബഹു. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വെളിപ്പെടുത്തുമോ; | എ) & ബി) 17.06.2018-ലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൽ 31.05.2019-ലെ സ.ഉ. (എം.എസ്.) നം.53/2019/പൊ.വി.വ. ഉത്തരവിന്മേലുള്ള തുടർ നടപടികൾക്ക് വിലക്ക് ഏർപ്പെടുത്തിയിരുന്നു. തുടർന്ന് 28.06.2019-ൽ ചില വ്യവസ്ഥകൾക്ക് വിധേയമായി വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് അനുവദിച്ചുകൊണ്ട് ഇടക്കാല ഉത്തരവിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കേരള വിദ്യാഭ്യാസ നിയമത്തിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലും ഭേദഗതികൾ ഉൾപ്പെടുത്തി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്തെ പതിറ്റാണ്ടുകളായി നിലനിന്നിരുന്ന ഒരു സംവിധാനം ധൃതി പിടിച്ച് ആവശ്യമായ ചർച്ചകളോ അഭിപ്രായങ്ങളോ സ്വീകരിക്കാതെ മാറ്റുന്നതുമൂലം വിദ്യാഭ്യാസ രംഗത്ത് ഉണ്ടാകുന്ന പ്രശ്നങ്ങൾ, ദൂരവ്യാപക പ്രത്യാഘാതങ്ങൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | സി) സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയ പ്രൊഫ.(ഡോ.)എം.എ.ഖാദർ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയതുതന്നെ പൊതുജനങ്ങളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായി കൂടിയാലോചന ചെയ്തും അദ്ധ്യാപക- അനദ്ധ്യാപക വിദ്യാർത്ഥി സംഘടനകളുമായി ആശയവിനിമയം നടത്തിയതിനുശേഷവുമാണ്. കൂടാതെ റിപ്പോർട്ടിന്റെ ഉള്ളടക്കത്തെക്കുറിച്ച് അദ്ധ്യാപകർ/ അനദ്ധ്യാപകർ/ വിദ്യാർത്ഥികൾ/സർവ്വീസ് |

സംഘടനകൾ/മാനേജ്മെന്റ്/ തദ്ദേശസ്വയംഭരണ മേധാവികളുടെ പ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ നടത്തി, പ്രസ്തുത ചർച്ചകളിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് റിപ്പോർട്ടിലെ ശുപാർശകൾ ചില ഭേദഗതികളോടെ സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്.

| | |
|---|---|
| ഡി) ലയനം നടപ്പിലാക്കുമ്പോൾ നിലവിൽ ഹൈസ്കൂളുകളിൽ അദ്ധ്യാപകരായി ജോലി ചെയ്യുന്നവർക്ക് ഹയർ സെക്കണ്ടറിയിൽ പഠിപ്പിക്കാൻ യോഗ്യത ഉണ്ടെങ്കിൽ പ്രസ്തുത അദ്ധ്യാപകർക്ക് ഹയർ സെക്കണ്ടറിയിലേക്ക് പ്രൊമോഷൻ അനുവദിക്കുമോ; വ്യക്തമാക്കുമോ;<br><br>ഇ) ലയനം നടത്തുമ്പോൾ അധ്യാപകരെ എങ്ങനെ പുനർവിന്യസിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | ഡി) & ഇ) ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾക്കുശേഷമായിരിക്കും തീരുമാനം കൈക്കൊള്ളുക.. |

**സെക്ഷൻ ഓഫീസർ**